**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3033** **10-03-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം പരപ്പിൽ തീരക്കടലിൽ ധാതുമണൽ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇൻഡോ നോർവിജിയൻ പ്രോജക്ടിന്റെ ഭാഗമായി 1961 മുതൽ 1965 വരെ നടത്തിയ ഗവേഷണത്തിൽ കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ഏഴ് ഫിഷിങ് ഗ്രൗണ്ടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | വെഡ്ജ് ബാങ്ക്, ക്വയിലോൺ ഗ്രൗണ്ട്, കൊച്ചിൻ ഗ്രൗണ്ട്, കിളിമീൻ ഗ്രൗണ്ട്, കലവ ഗ്രൗണ്ട്, സ്കിപ്പർ ആൻഡേഴ്സൺ ഗ്രൗണ്ട്, കണ്ണൂർ ഗ്രൗണ്ട് എന്നിവയാണ് ഇൻഡോ നോർവീജിയൻ പ്രോജക്ടിന്റെ ഭാഗമായി 1961 മുതൽ 1965 വരെ നടത്തിയ ഗവേഷണത്തിൽ കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ഏഴ് ഫിഷിംഗ് ഗ്രൗണ്ടുകൾ. 1961 മുതൽ 1965 വരെ ഇൻഡോ നോർവീജിയൻ പ്രോജക്ടിന്റെ ഭാഗമായി ഗവേഷണം നടത്തിയ കെയർ ലാർസൺ എന്ന ശാസ്ത്രജ്ഞനാണ് ഈ ഏഴ് ഫിഷിംഗ് ഗ്രൗണ്ടുകൾ കേരളത്തിൽ കണ്ടെത്തിയത്. |
| (ബി) | ഇന്ത്യയിലെ ഏറ്റവും വലിയ മത്സ്യബന്ധന കേന്ദ്രങ്ങളിൽ ഒന്നായ കൊല്ലം പരപ്പിലെ പ്രത്യേകതകൾ എന്തൊക്കെയാണ്; ഇവിടെ നിന്നും പ്രധാനമായി ലഭിക്കുന്ന മത്സ്യ ഇനങ്ങൾ ഏതൊക്കെയാണ്; കൊല്ലം പരപ്പ് മേഖല മത്സ്യസമ്പുഷ്ടമാകാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇന്ത്യയുടെ തെക്ക്-പടിഞ്ഞാറൻ തീരത്തെ ഏറ്റവും ഉല്പാദന ക്ഷമമായ മത്സ്യബന്ധന കേന്ദ്രങ്ങളിൽ ഒന്നാണ് കൊല്ലം പരപ്പ്. ഇത് ക്വയിലോൺ ബാങ്ക് എന്നറിപ്പെടുന്നു. 08 Nഅക്ഷാംശത്തിനും 09 N അക്ഷാംശത്തിനും ഇടയിലുള്ള കടൽതട്ടിന്റെ ഭാഗമാണ് ഇത്. 275-375 മീറ്റർ ആഴത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരത്ത് നിന്ന് 3300 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലാണ് ഇത് വ്യാപിച്ച് കിടക്കുന്നത്. ആഴക്കടൽ ചെമ്മീൻ, ലോബ്സ്റ്ററുകൾ, മത്തി, അയല, കിളിമീൻ, കയറ്റുമതി മൂല്യം ഏറിയ കണവ/നീരാളി എന്നിവയുൾപ്പെടെ സമ്പന്നമായ സമുദ്ര ജൈവ വൈവിധ്യമുള്ള ഫലഭൂയിഷ്ഠമായ മത്സ്യബന്ധന മേഖലയാണിത്. ഇവിടത്തെ വെള്ളത്തിന് വളരെ മിതമായ താപനിലയാണ് ഉള്ളത് (21-26 ഡിഗ്രി സെൽഷ്യസിനിടയിൽ). ഇവിടത്തെ ലവണാംശം ആയിരത്തിൽ 34 നും 34.6 ppt ക്ക് (parts per thousand) ഇടയിലാണ്. വാഡ്ജ് ബാങ്കിലേയ്ക്ക് നീളുന്ന ഡ്രിഫ്റ്റ് പ്രവാഹങ്ങളാൽ നയിക്കപ്പെടുന്ന 'കീഴ്ത്തലം പൊങ്ങൽ (upwelling)' പ്രതിഭാസത്തിന്റെ വിപുലമായ ഫലങ്ങളുമായി ഈ പ്രദേശത്തിന്റെ ഉല്പാദനക്ഷമത ബന്ധപ്പെട്ടിരിക്കുന്നു. അതായത് കടലിന്റെ അടിത്തട്ടിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ഉയർന്നുവരുന്ന പോഷകസമൃദ്ധമായ വെള്ളം മത്സ്യങ്ങളുടെ വംശവർദ്ധനയ്ക്ക് സഹായിക്കുന്നു. അറബിക്കടലിന്റെ ഭാഗമായിട്ടുള്ള ഈ പ്രദേശത്തിന് ഒരു പ്രത്യേകതരം സമുദ്ര ഭൂമിശാസ്ത്രമാണ് ഉള്ളത്. ആയതിനാൽ ഈ പ്രദേശം മത്സ്യസമ്പത്ത് നിലനിർത്താൻ സഹായിക്കുന്നു. |
| (സി) | തീരക്കടലിൽ ധാതുമണൽ ഖനനത്തിന്റെ ഭാഗമായി കൊല്ലം പരപ്പിൽ ഖനനം നടത്തിയാൽ മേൽപ്പറഞ്ഞ മത്സ്യ സമ്പത്തിനെ ഏത് രീതിയിൽ ബാധിക്കുമെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഖനനം ഒഴിവാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | മത്സ്യ സമ്പത്തിനെയും ആവാസ വ്യവസ്ഥയെയും പരിഹരിയ്ക്കാൻ പറ്റാത്ത തകരാറിലേയ്ക്ക് മണൽ ഖനനം നയിയ്ക്കുമെന്ന് കേരള സർവ്വകലാശാല നടത്തിയ പ്രാഥമിക പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്.<br><br>2022 ലെ ഓഫ്ഷോർ ഏരിയ്സ് മിനറൽ (ഡവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023 ൽ വരുത്തിയ ഭേദഗതികളും സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾ പൂർണ്ണമായും കണക്കിലെടുക്കുന്ന വിധത്തിലല്ല. ആക്ടിലെ പോരായ്മയും പരിമിതികളും പരിശോധിച്ച് ആക്ടിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടിട്ടുള്ള അഭിപ്രായ സ്വരൂപണ വേളയിൽ തന്നെ സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളതുമാണ്.<br><br>ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ടിട്ടുള്ള ആക്ടിന്റെ ഭേദഗതിയിൽ കാണപ്പെട്ട പ്രകടമായ ന്യൂനത പാരിസ്ഥിതികമായ ഒരു തലത്തിനെയും അതു പരിഗണിക്കുന്നില്ല എന്നുള്ളതാണ്. മുൻപ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ ആയിരുന്നു ഓഫ് ഷോർ പര്യവേഷണങ്ങളും ഖനനവും നടന്നുവന്നിരുന്നത്. എന്നാൽ 2023 ലെ ചട്ട ഭേദഗതിയിൽ സ്വകാര്യ പങ്കാളിത്തം കൂടി അനുവദിച്ചിട്ടുള്ളതുമാണ്.<br><br>11-01-2025 തീയതിയിൽ കൊച്ചിയിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി മുൻപാകെ സംസ്ഥാന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാനത്തിന്റെ നയപരമായ നിലപാടും നിലവിലെ ആശങ്കയും അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ 11-01-2025 ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇൻഡസ്ട്രീസ് ഒബ്ജക്ഷൻ നോട്ട് അവതരിപ്പിക്കുകയും ചെയ്തു. കൂടാതെ 13-02-2025 ൽ സംസ്ഥാനത്തിന്റെ ആശങ്കകൾ അടിസ്ഥാനപ്പെടുത്തി ആഴക്കടൽ മണൽ ഖനനമെന്ന പ്രോജക്റ്റ് ഉപേക്ഷിക്കണമെന്ന് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടുകൊണ്ട് വിശദമായ കത്ത് സംസ്ഥാന വ്യവസായ വകുപ്പ് സെക്രട്ടറി കേന്ദ്ര ഖനി സെക്രട്ടറിയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പ് കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിയെയും കേന്ദ്ര ഖനി വകുപ്പ് മന്ത്രിയെയും 27.02.2025 തീയതിയിലെ കത്ത് പ്രകാരം സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉടൻ ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി 04-03-2025 ന് കേരള നിയമ സഭയിൽ അവതരിപ്പിച്ച പ്രമേയം ഏകകണ്ഠമായി പാസ്സാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ